നം. ഇ.ഡി.3-70214/2019/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 24/05/2022

# സർക്കുലർ

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - കംമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികമാറ്റ നിയമനം - അഭിമുഖത്തിന് ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. സ.ഉ.(എം.എസ്.)നം.28/2003/എച്ച്.&എഫ്.ഡബ്ല്യു.ഡി.,തീയതി: 19/02/2003.
2. സർക്കുലർ നം. ഇ.ഡി.3-70214/20/ആ.വ.ഡ., തീയതി: 11/06/2020.

മേൽ സൂചന (2) സർക്കുലർ പ്രകാരം കംമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിലേയ്ക്ക് ആരോഗ്യവകുപ്പിലെ അർഹരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു . ആയതിൻപ്രകാരം അപേക്ഷിച്ചിട്ടുള്ള ഉദ്യോഗസ്ഥർ 30/05/2022 തിങ്കളാഴ്ച രാവിലെ 10.30 - ന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ അഭിമുഖത്തിനും രേഖാപരിശോധനയ്ക്കും ആവശ്യമെങ്കിൽ പ്രായോഗിക പരീക്ഷയ്ക്കും വേണ്ടി ഹാജരാകണമെന്ന് നിർദ്ദേശിക്കുന്നു.

നിശ്ചിത വിദ്യാഭ്യാസ യോഗ്യത, പ്രായം, സേവന ചരിത്രം എന്നിവ തെളിയിക്കുന്നതിനാവശ്യമായ അസ്സൽ സാക്ഷ്യപത്രങ്ങളും അവയുടെ ഓരോ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, വകുപ്പ് ഐഡി., കാർഡും ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും അഭിമുഖ സമയത്ത് ഹാജരാക്കേണ്ടതാണ്.

അവിചാരിതമായ എന്തെങ്കിലും സാഹചര്യത്താൽ അഭിമുഖം മാറ്റി വെയ്ക്കേണ്ടി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയത്ത് ഇതേ സ്ഥലത്ത് വച്ച് അഭിമുഖം നടത്തുന്നതാണ്. നിലവിൽ ആരോഗ്യവകുപ്പിൽ നിന്നും വിടുതൽ ചെയ്ത് പോയവർ ഈ അഭിമുഖത്തിന് അയോഗ്യരായിരിക്കും. കൂടുതൽ വിവരങ്ങൾക്കായി 04712519249 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്

(ഒപ്പ്)
ശോഭ വി.
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ്:-
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ബന്ധപ്പെട്ട സ്ഥാപനമേധാവികളെ അറിയിക്കേണ്ടതാണ്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-24/05

1331362

GOVERNMENT OF KERALA